# പറയാതെ പോകുന്നവർ [1]

രവി ശങ്കർ എൻ

*Translated from English by Liju Jacob Kuriakose*

വിട്ടേച്ചു പോകുന്നവരൊന്നും
പറഞ്ഞേച്ച് പോകും എന്നുവിചാരിക്കരുത്
വേണമെന്ന് വിചാരിച്ചിട്ടല്ലേലും അവരൊന്നും
ഒന്നും പറഞ്ഞേച്ചാരിക്കത്തില്ല പോവുന്നത്

പോകുവാണെന്ന് പറയല്ലെന്നും
പോയേച്ച് വരാം എന്നു പറയണം
എന്നുമെല്ലാം പറഞ്ഞിരുന്ന
അപ്പച്ചനും അമ്മച്ചിയും
പോയത് ഒന്നും പറഞ്ഞേച്ചല്ലല്ലോ

അവരുടെ പെറകെ
ആ പെര ചോർന്നും കുതിർന്നും
താഴെപ്പോയത് പറഞ്ഞിട്ടും ഒന്നുവല്ല.
തോട്ടിലെ വെള്ളം പൊങ്ങി
കരോട്ടെ പറമ്പിലെ
കപ്പേം കാച്ചിലും ചീഞ്ഞു പോയതും
ഒരു വാക്കും പറഞ്ഞേച്ചല്ലല്ലോ.

ഒടുക്കം അവള്,
അവളൊരുപ്പോക്ക് പോയതും
ആരോടുമൊന്നും ചോദിച്ചിട്ടല്ലല്ലോ.

ഒടുക്കം ഈ ഞാൻ എന്നെ ഇട്ടേച്ച് പോയപ്പോഴാണേലും
പോവാണെന്ന് പറയാനോ പോവല്ലെന്ന് പറയാനോ
ആരും തന്നെ ഉണ്ടാരുന്നുമില്ല
ദൂരെ എങ്ങുന്നോ ഒരു വയലിൻ ശബ്ദം മാത്രം

[1] *Translator's Note:* This translation renders the poem in a rustic diction that is typical of the language spoken in and around the suburbs of Kottayam, Kerala.